പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 671 13.7.2012 ലെ മറുപടിക്ക്

## സെൽഫ് സഫിഷ്യന്റ് വില്ലേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ.ആർ. സെൽവരാജ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ.റ്റി. ജോർജ് | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ)സെൽഫ് സഫിഷ്യന്റ് വില്ലേജ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഏന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) 50-ൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി "സ്വയം പര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ" എന്ന പദ്ധതി സർക്കാർ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഭവന നിർമ്മാണം, കോളനിക്കുള്ളിലെ റോഡ്, കുടിവെള്ളം, വൈദ്യുതീകരണം, ഡ്രെയിനേജ്, മാലിന്യ സംസ്കരണം, ബയോഗ്യാസ് പ്ലാന്റ്, വരുമാനദായക പദ്ധതികൾ, ശുചീകരണ പ്രവർത്തനം എന്നിവ നടപ്പിലാക്കി സങ്കേതങ്ങളെ സ്വയം പര്യാപ്തമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. |
| (ബി)പട്ടികജാതി കോളനിയുടെ സമഗ്ര വികസനത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) പട്ടികജാതി കോളനികളുടെ സമഗ്രവികസനത്തിന് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഭവനനിർമ്മാണം, കോളനിക്കുള്ളിലെ റോഡ്, കുടിവെള്ളം, വൈദ്യുതീകരണം, ഡ്രെയിനേജ്, ബയോഗ്യാസ് പ്ലാന്റ്, വരുമാനദായക പദ്ധതികൾ, ശുചീകരണ പ്രവർത്തനം, |

| | |
|---|---|
| | മാലിന്യ സംസ്കരണം എന്നീ കാര്യങ്ങളാണ് പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. |
| സി)പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭിക്കുമെന്ന് വ്യക്തമാക്കുമോ? | 50-ൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന 416 പട്ടികജാതികോളനികളിലെ എല്ലാ കുടുംബങ്ങൾക്കും പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടമെന്നനിലയിൽ തിരഞ്ഞെടുക്കപ്പെടുന്ന 50 കോളനികളിൽ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ